**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 282** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഗർഭിണികളുടെയും കുട്ടികളുടെയും ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ അംഗൻവാടി മുഖേന കുട്ടികൾക്കും അമ്മമാർക്കും വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **(എ)** സംയോജിത ശിശു വികസന പദ്ധതിയിൻകീഴിലെ 6 സേവനങ്ങളിൽ ഒന്നായ അനുപൂരക പോഷകാഹാര പദ്ധതി വഴി അങ്കണവാടികളിലൂടെ കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്നു. ഓരോ വിഭാഗത്തിനും അങ്കണവാടികളിലൂടെ നൽകിവരുന്ന അനുപൂരക പോഷകാഹാര പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ</u><br><br>6 മാസം മുതൽ 3വയസ്സ് വരെയുള്ള കുട്ടികൾക്കു കുടുംബശ്രീയുടെ സ്വയം സഹായ സംഘങ്ങൾ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. ഈ പോഷക മിശ്രിതത്തിൽ(100 gm ), ഗോതമ്പ്-45 gm , കടല-15 gm, സോയ-10 gm, കപ്പലണ്ടി-10 gm, പഞ്ചസാര-20 gm എന്നിവ അടങ്ങിയിരിക്കുന്നു. ഒരു ഗുണഭോക്താവിന് ഒരു ദിവസം 135 gm ന്യൂട്രിമിക്സ് എന്ന അളവിൽ ഒരു മാസം 25 ന്യൂട്രിഷണൽ ദിവസത്തേയ്ക്ക് (3.375Kg) അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. 2019 മെയ് മാസം മുതൽ സംസ്ഥാനത്തൊട്ടാകെ 11 മൈക്രോന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്ത ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു വരുന്നു.<br><br>3 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിങ് എന്നിവ നൽകി വരുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ന്യൂട്രിഷണൽ സ്റ്റാൻഡേർഡ്സ് ഉറപ്പാക്കി ഓരോ പഞ്ചായത്തും |

തദ്ദേശീയ താല്പര്യങ്ങളുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യ വസ്തുക്കൾ നൽകി വരുന്നു. ഇപ്രകാരം ഒരു കുട്ടിയ്ക്ക് ഒരുദിവസം റാഗി-20 gm(500 gm/month), ശർക്കര – 50 gm(1250 gm/month) അരി- 60 gm(1500 gm/ month) ചെറുപയർ-20gm(500 gm/ month), നുറുക്ക് ഗോതമ്പ്-65gm(1300gm/month), കപ്പലണ്ടി-10 gm(250 gm/ month) എന്നിവ ഈ മൂന്ന് നേരത്തെ ഭക്ഷണ ക്രമത്തിൽ പൊതുവെ ഉൾപ്പെടുത്തുന്നു. ഇത് പഞ്ചായത്തുകൾ തോറും വ്യത്യസ്ഥപ്പെടാം. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു.

<u>ഗർഭിണികൾ /പാലൂട്ടുന്ന അമ്മമാർ</u>

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് (ഗർഭകാല ആരംഭം മുതൽ പ്രസവശേഷം 6 മാസം വരെ) ഗോതമ്പ് 130 gm(3250gm/month), എണ്ണ– 10gm (250gm/month),കപ്പലണ്ടി-10 gm(250gm/month)എന്നിവ പൊതുവെ ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ "പോഷക ബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടിക്കരുത്ത്" എന്ന പദ്ധതിയിലൂടെ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്ക് ഒരു ദിവസം ഒരു ഗ്ലാസ്സ് വീതം, ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീ രണ്ട് ദിവസങ്ങളിൽ പാലും ആഴ്ചയിൽ ചൊവ്വ, വെള്ളി എന്നീ രണ്ട് ദിവസങ്ങളിൽ മുട്ടയും നൽകുന്നുണ്ട്.

<u>സ്കീം ഫോർ അഡോളസെന്റ് ഗേൾസ്</u>

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിലൂടെ 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ SAG പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി അനുപൂരക പോഷകാഹാരം വിതരണം ചെയ്യുന്നു. പ്രതിദിനം 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ലഭ്യമാകുന്ന വിധത്തിലുള്ള ഭക്ഷണ പദാർത്ഥം Take home ration ആയി ഓരോ മാസവും 25

| | | | |
|---|---|---|---|
| | | | ദിവസത്തേയ്ക്ക് എന്ന രീതിയിൽ ഒരു വർഷത്തേയ്ക്ക് അനുവദിച്ചു നൽകുന്നു. |
| (ബി) | വനിതാശിശു വികസന വകുപ്പ് മുഖേന ഗർഭിണികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിത ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY). 2017 ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ആദ്യ പ്രസവത്തിനു 5000 രൂപ ധനസഹായം മൂന്ന് ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുന്നു. കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതു മേഖല ജീവനക്കാർ എന്നിവർ ഒഴികെ മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും അവരുടെ ആദ്യ പ്രസവത്തിനു ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുണ്ട്. കൂടാതെ അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം പോഷകാഹാരം THR ആയി നൽകി വരുന്നു. |
| (സി) | ഗർഭിണികളുടെ മാനസികോല്ലാസത്തിന് അംഗൻവാടി കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | (സി) ഗർഭിണികളുടെ മാനസികോല്ലാസത്തിന് അങ്കണവാടി കേന്ദ്രീകരിച്ച് വനിത ശിശുവികസന വകുപ്പ് മുഖേന പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ